ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) :

(എ) കേരള സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച് വിജ്ഞാപനമിറക്കിയിട്ടുള്ള ഇന്ധന സർചാർജ് റെഗുലേഷൻ 2010-ന് വിധേയമായി, കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് 2014 ഏപ്രിൽ മുതൽ 2014 ജൂൺ വരെയുള്ള കാലയളവിലേക്ക് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച വിവിധ സ്രോതസ്സുകളിൽ നിന്നും വൈദ്യുതി വാങ്ങിയ ഇനത്തിൽ ഇന്ധന വിലയിലുണ്ടായ അധിക ബാധ്യതയായ 32.39 കോടിരൂപ ഇന്ധന സർച്ചാർജ്ജായി ഈടാക്കാൻ അനുവദിക്കണമെന്ന് 21-10-2014-ൽ കമ്മീഷൻ മുൻപാകെ പെറ്റീഷൻ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ 2014 ജൂൺ മുതൽ 2014 സെപ്റ്റംബർ വരെയുള്ള കാലയളവിലേക്ക് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച വിവിധ സ്രോതസ്സുകളിൽ നിന്നും വൈദ്യുതി വാങ്ങിയ ഇനത്തിൽ ഇന്ധന വിലയിലുണ്ടായ അധിക ബാധ്യതയായ 34.95 കോടിരൂപ ഇന്ധന സർചാർജ് ആയി ഈടാക്കാൻ അനുവദിക്കണമെന്ന് 25-11-2014-ൽ കമ്മീഷൻ മുൻപാകെ പെറ്റീഷൻ സമർപ്പിച്ചിട്ടുണ്ട്. ടി പെറ്റീഷനുകളുടെ മേൽ കമ്മീഷൻ തീരുമാനമൊന്നും എടുത്തിട്ടില്ല.

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോഴുള്ള നിരക്കും ഇപ്പോഴത്തെ നിരക്കും അനുബന്ധമായി കൊടുത്തിരിക്കുന്നു.

സംസ്ഥാന-കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ ചേർന്നുള്ള വിപണി വിപുലീകരണ കാര്യം

8(*338) ശ്രീ. പാലോട് രവി :

ശ്രീ. വർക്കല കഹാർ :

ശ്രീ. അൻവർ സാദത്ത് :

ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി ചേർന്ന് വിപണി വിപുലീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതിയും എന്തൊക്കെ ആണെന്നുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ?

വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) :

(എ&ബി) ഉണ്ട്. വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി സഹകരിച്ച് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരികയാണ്. ഈ പദ്ധതികളിലൂടെ പൊതുമേഖലാ സ്ഥാപനങ്ങളിൽ വിപണന വിപുലീകരണം, ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള സംവിധാനങ്ങൾ, ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്കരണം, അസംസ്കൃത വസ്തുക്കളുടെ ലഭ്യത, നവീനമായ സാങ്കേതിക വിദ്യയുൾപ്പെടെയുള്ള സംവിധാനങ്ങൾ നടപ്പിലാക്കുക എന്നിവയാണ് ലക്ഷ്യമിടുന്നത്.

(സി&ഡി) ഇതിനായി സഹകരിക്കുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടേയും സ്വീകരിച്ചുവരുന്ന നടപടികളുടേയും വിവരം ചുവടെ ചേർക്കുന്നു :

- സിമന്റ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുമായി സഹകരിച്ച് മലബാർ സിമന്റ്സിന് ക്ലിങ്കർ ലഭ്യമാക്കി. ദീർഘ കാലാടി സ്ഥാനത്തിൽ ചെലവ് കുറയ്ക്കുവാൻ വേണ്ടി കൊച്ചിൻ പോർട്ട് ട്രസ്റ്റുമായി സഹകരിച്ച് ഒരു സിമന്റ് ബൾക്ക് ഹാന്റിലിങ്ങ് ടെർമിനൽ വെല്ലിങ്ങ്ടൺ ഐലന്റിൽ കൊച്ചി തുറമുഖത്തിന്റെ കീഴിലുള്ള സ്ഥലത്ത് സ്ഥാപിക്കുന്നതിനുള്ള നടപടികൾ മലബാർ സിമന്റ്സ് സ്വീകരിച്ചു വരുന്നു.
- കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ് കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ എം.എം.റ്റി.സി-യുമായി ചേർന്ന് ടൈറ്റാനിയം ഡൈ ഓക്സൈഡ്, ടൈറ്റാനിയം സ്പോഞ്ച്, മറ്റ് ധാതുക്കൾ എന്നിവ വിപണനം നടത്തുന്നതിനുള്ള ധാരണാപത്രം വൈകാതെ ഒപ്പു വയ്ക്കുന്നതാണ്. കൂടാതെ കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഇൻഡ്യൻ റെയർ എർത്ത് ലിമിറ്റഡുമായി ചേർന്ന് ധാതു മണൽ ഖനനം ചെയ്ത് വേർതിരിച്ചെടുക്കുകയും അതിൽ നിന്ന് ഇൽമനൈറ്റ് കെ.എം.എം.എൽ.-നു നൽകുകയും ശേഷിച്ചവ വിപണനം നടത്തി വരികയും ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly

- കോട്ടൺ കോർപ്പറേഷൻ ഓഫ് ഇന്ത്യയുമായി സഹകരിച്ച് ടെക്സ്റ്റൈൽ മില്ലുകൾക്ക് ആവശ്യമായ ഗുണമേന്മയുള്ള പഞ്ഞി ലഭ്യമാക്കുന്നുണ്ട്.

- കെൽട്രോണിന്റെ പ്രവർത്തന വിപുലീകരണത്തിന്റെ ഭാഗമായി വി.എസ്.എസ്.സി.-യുമായി യോജിച്ച് പ്രവർത്തനം നടത്തുന്നുണ്ട്. കൂടാതെ പ്രതിരോധവകുപ്പിൽ നിന്നും ഏജൻസികളിൽ നിന്നും കൂടുതൽ ഓർഡറുകൾ ലഭിച്ചുവരുന്നു. വിപണി വിപുലീകരിക്കുന്നതിന്റെ ഭാഗമായി സമാന മേഖലയിൽ പ്രവർത്തിക്കുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡുമായി ചേർന്ന് പ്രവർത്തിക്കുന്നതിനുള്ള പ്രാരംഭഘട്ട ചർച്ചകൾ നടന്നുവരുന്നു.

- സ്റ്റീൽ & ഇൻഡസ്ട്രിയൽ ഫോർജിംഗ്സിന് വി.എസ്.എസ്.സിയിൽ നിന്നും കേന്ദ്ര പ്രതിരോധവകുപ്പിൽ നിന്നും ഓർഡറുകൾ ലഭിക്കുന്നുണ്ട്. കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായ റെയിൽവേ, ബി.ഇ.എം.എൽ., ബി.എച്ച്.ഇ.എൽ., മിഥാനി എന്നിവയ്ക്കും ആവശ്യമായ ഫോർജിംഗ്സുകൾ നൽകി വരുന്നു. 16 ടൺ ഹാമ്മർ സ്ഥാപിച്ചതോടെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾക്ക് കൂടുതലായി ആവശ്യമായി വരുന്ന ഫോർജിംഗുകൾ ഉൽപ്പാദിപ്പിച്ച് നൽകാൻ സാധിക്കുന്നതാണ്.

മേൽപ്പറഞ്ഞവ കൂടാതെ ടെൽക്കും, എൻ.ടി.പി.സി യുമായി സഹകരിച്ചുള്ള പദ്ധതിയും, സ്റ്റീൽ കോംപ്ലക്സും സ്റ്റീൽ അതോറിറ്റി ഓഫ് ഇൻഡ്യയുമായുള്ള സംയുക്ത പദ്ധതിയും (സെയിൽ-എസ്.സി.എൽ കേരളാ ലിമിറ്റഡ്) പൂർണ്ണ നിലയിൽ പ്രാവർത്തികമാക്കുമ്പോൾ യഥാക്രമം ട്രാൻസ്ഫോർമർ, സ്റ്റീൽ കമ്പികൾ എന്നിവയുടെ വിപണിയും മെച്ചപ്പെടുന്നതാണ്.

ഓരോ നിയോജകമണ്ഡലത്തിലും ഒരു ഐ.റ്റി. പാർക്ക്

9(*339) <u>ശ്രീ. സി. എഫ്. തോമസ്</u> :
<u>ശ്രീ. മോൻസ് ജോസഫ്</u> :
<u>ശ്രീ. റ്റി. യു. കുരുവിള</u> :
<u>ശ്രീ. തോമസ് ഉണ്ണിയാടൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ മെട്രോ നഗരങ്ങളുടെ അസൗകര്യങ്ങൾ പരിഗണിച്ച് ഓരോ നിയോജക മണ്ഡലത്തിലും ഒരു ഐ.റ്റി. പാർക്ക് ആരംഭിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഐ.റ്റി. വ്യവസായം കേരളത്തിൽ കൂടുതലായി ആരംഭിക്കുന്നതിന് സ്വീകരിച്ച് വരുന്ന പദ്ധതികൾ വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly